ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തൊഴിൽവകുപ്പിന്റെ കീഴിൽ ഒരു തസ്തികയിലും ഒഴിവുകളില്ല.

(ബി&സി) ബാധകമല്ല.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ ജോലി ചെയ്യുന്നവർ

82 (4138) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഐ.ഐ.എം. (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്) എന്ന സ്ഥാപനത്തിന് ഭൂമി നൽകിയ പരിസരവാസികളായ 155 പേർ അവിടെ വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്തു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ മേൽ സ്ഥാപനത്തിലെ കരാർ 29-6-2010 മുതൽ ഗുരുവായനി സെക്യൂരിറ്റി സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് സെക്കന്തരാബാദിന് നൽകിയതോടെ യാതൊരു മുന്നറിയിപ്പും കൂടാതെ ഇവർക്ക് തൊഴിൽ നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവർക്കു നൽകേണ്ട യാതൊരു ആനുകൂല്യങ്ങളും നൽകില്ല എന്നത് പരിശോധിക്കുമോ ;

(ഡി) ഈ തൊഴിലാളികൾക്ക് നഷ്ടപ്പെട്ട തൊഴിൽ തിരിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) കോഴിക്കോട് കുന്ദമംഗലത്ത് സ്ഥിതിചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള സ്ഥാപനമായതിനാൽ ടി സ്ഥാപനത്തിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്ര തൊഴിൽ വകുപ്പിന്റെ എറണാകുളത്ത് സ്ഥിതിചെയ്യുന്ന സെൻട്രൽ അസിസ്റ്റന്റ് ലേബർ കമ്മീഷണറാണ് കൈകാര്യം ചെയ്യുന്നത്.

അപ്രന്റീസ് പരിശീലനം

83 (4139) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്രന്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് നോൺ എഞ്ചിനീയറിംഗ് ട്രേഡുകളിൽ അപ്രന്റീസ് പരിശീലനം നിർബന്ധിതമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ സ്ഥാപനങ്ങളിലും എത്ര പേർക്ക് അപ്രന്റീസ് പരിശീലനം നൽകണമെന്ന് വ്യവസ്ഥയുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വിവിധ തൊഴിലുകൾക്ക് അപ്രന്റീസുകൾക്ക് നിലവിലുള്ള സ്റ്റൈപ്പന്റ് നിരക്ക് എത്രയാണ് ;

(ഡി) സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം വ്യവസായ സ്ഥാപനങ്ങളിൽ അപ്രന്റീസ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്. പ്രാവീണ്യമുള്ള തൊഴിലാളികളുടെ എണ്ണവും ട്രെയിനിംഗ് നൽകുവാനുള്ള സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങളും കണക്കിലെടുത്ത് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിലാണ് എണ്ണം തിട്ടപ്പെടുത്തുന്നത്.

(സി) പരിശീലനത്തിന്റെ ആദ്യ വർഷം - പ്രതിമാസം 1,090 രൂപ

പരിശീലനത്തിന്റെ രണ്ടാം വർഷം - പ്രതിമാസം 1,240 രൂപ

പരിശീലനത്തിന്റെ മൂന്നാം വർഷം - പ്രതിമാസം 1,440 രൂപ

പരിശീലനത്തിന്റെ നാലാം വർഷം - പ്രതിമാസം 1,620 രൂപ

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റൈപ്പന്റ് വർദ്ധനയ്ക്കായി നിർദ്ദേശം സെൻട്രൽ അപ്രന്റീസ്ഷിപ്പ് കൗൺസിലിൽ നൽകിയിരിക്കുകയാണ്.

പുതുതായി അനുവദിച്ച ഐ.ടി.ഐ.-കൾ

84 (4140) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഐ.ടി.ഐ.കളിൽ ഏതെല്ലാം പ്രവർത്തനമാരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവമ്പാടിയിൽ അനുവദിച്ച ഐ.ടി.ഐ. പ്രവർത്തനമാരംഭിക്കാൻ താമസിക്കുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ തുടങ്ങുവാനുദ്ദേശിക്കുന്ന കോഴ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) ഐ.ടി.ഐ. എന്ന് പ്രവർത്തനമാരംഭിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2010-2011 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള ശുപാർശ ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly